കേരസമൃദ്ധി

30 (*150) ശ്രീ. എം. എ. വാഹിദ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരസമൃദ്ധി എന്ന പദ്ധതിയുടെ പ്രഖ്യാപനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) നാളികേര വികസനത്തിനും കേര സുരക്ഷയ്ക്കും എന്തെല്ലാം നിർദ്ദേശങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) ഉണ്ട്. കേര കർഷകർ ഇപ്പോൾ നേരിടുന്ന ഒരു വലിയ പ്രതിസന്ധിയാണ് തെങ്ങുകയറ്റ തൊഴിലാളികളുടെ ദൗലഭ്യം. വിളവെടുപ്പിനും സസ്യസംരക്ഷണ പ്രവർത്തനങ്ങൾക്കും തെങ്ങുകയറ്റ തൊഴിലാളികളുടെ ലഭ്യത കുറവ് കേര കർഷകരെ ബുദ്ധിമുട്ടിലാക്കുന്നു. കുറിയ ഇനം തെങ്ങുകൾ കർഷകർക്കിടയിൽ വ്യാപകമാക്കുന്നത് ഒരു പരിധിവരെ ഇതിന് പരിഹാരമാകും. കൂടാതെ നീരയുടെ ഉത്പാദനത്തിനും കുറിയ ഇനം തെങ്ങുകൾ ആവശ്യമാണ്. ഈ സാഹചര്യത്തിലാണ് കർഷകർക്കിടയിൽ കുറിയ ഇനം തെങ്ങുകൃഷി പ്രചരിപ്പിക്കുന്നതിനും കുറിയ ഇനം തെങ്ങുകൃഷി വ്യാപിപ്പിക്കുന്നതിനുമായി ലക്ഷ്യമിട്ടാണ് കേരസമൃദ്ധി പദ്ധതി വിഭാവനം ചെയ്ത് 2014-15 വർഷത്തിൽ നടപ്പിലാക്കി വരുന്നത്. ആകെ 500 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

(ബി) 2014-15 വർഷത്തിൽ കുറിയ ഇനം/സങ്കരയിനം തെങ്ങുകൃഷി കർഷകർക്കിടയിൽ പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് കേരസമൃദ്ധി. പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു :

1. സംസ്ഥാനത്ത് കുറിയ ഇനം തെങ്ങുകൃഷി 25 ശതമാനം സ്ഥലത്ത് വ്യാപിപ്പിക്കുക.
2. കുറിയ ഇനം വിത്തുതേങ്ങയുടെ ഉത്പാദനത്തിനായി കൃഷി വകുപ്പിന്റെ തെരഞ്ഞെടുത്ത ഫാമുകളിൽ 50 ഹെക്ടർ സ്ഥലത്ത് മാതൃവൃക്ഷത്തോട്ടങ്ങൾ ഉണ്ടാക്കുക.

LIBRARY ARCHIVES Kerala Legislative Assembly

3. ഹൈബ്രിഡൈസേഷനുവേണ്ടി കൃഷി വകുപ്പിന്റെ തെരഞ്ഞെടുത്ത ഫാമുകളിൽ കുറിയ ഇനം തെങ്ങുകളുടെ germplasm ശേഖരം ഉണ്ടാക്കുക.

4. ഹൈബ്രിഡൈസേഷനുവേണ്ടി നൈപുണ്യമുള്ള തൊഴിലാളികളെ സജ്ജമാക്കുക.

5. നിലവിലെ ആവശ്യകത അനുസരിച്ച് WCT തെങ്ങിൻ തൈകൾ വിതരണം ചെയ്യുക.

6 സംസ്ഥാനത്ത് തെങ്ങയുടെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുക.

(സി) പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഘടകങ്ങൾ ചുവടെ ചേർക്കുന്നു :

1. കുറിയ ഇനം വിത്തുതേങ്ങകൾ സംഭരിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു.

2. കുറിയ ഇനം മാതൃവൃക്ഷങ്ങൾ കണ്ടെത്തുവാൻ ലക്ഷ്യമിട്ടിരിക്കുന്നു.

3. ഫാമുകളിലെ കുറിയ ഇനം തെങ്ങിൻതൈകളുടെ ഉത്പാദന പ്രക്രിയയിൽ തെങ്ങിൻതൈകളുടെ പരിപാലനത്തിന് ധനസഹായം

4. DxT (സങ്കരയിനം) തെങ്ങിൻതൈ ഉത്പാദനത്തിന് കുറിയ ഇനം മാതൃവൃക്ഷങ്ങളിൽ പ്രോജക്ടിസ്ഥാനത്തിൽ ഹൈബ്രിഡൈസേഷൻ പരിപാടി.

5. ഹൈബ്രിഡൈസേഷനുവേണ്ടി നൈപുണ്യമുള്ള തൊഴിലാളികളെ സജ്ജരാക്കുന്നതിന് പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ.

6. കൃഷി വകുപ്പിന്റെ ഫാമുകളിൽ കുറിയ ഇനം തെങ്ങിൻ തൈകളുടെ മാതൃവൃക്ഷത്തോട്ടം നിർമ്മിക്കൽ.

7. ഹൈബ്രിഡൈസേഷനുവേണ്ടി കൃഷി വകുപ്പിന്റെ തെരഞ്ഞെടുത്ത ഫാമുകളിൽ സൂക്ഷ്മ ജലസേചന സംവിധാനം സ്ഥാപിക്കൽ.

ഇവ കൂടാതെ ഗുണമേന്മയുള്ള വിത്തുതേങ്ങ കർഷകർക്കിടയിൽ നിന്ന് ശേഖരിച്ച് ഫാമുകളിൽ എത്തിക്കുന്നതിനും തൈകളുടെ വിതരണത്തിനുള്ള ട്രാൻസ്പോർട്ടേഷൻ ചെലവുകൾ, ഹൈബ്രിഡൈസേഷൻ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മറ്റു ചെലവുകൾ എന്നിവയും പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

(ഡി) 2014-15 വർഷത്തിൽ കേരസമൃദ്ധി പദ്ധതിക്കായി 500 ലക്ഷം രൂപ പദ്ധതിയുടെ സുഗമമായി നടത്തിപ്പിനുള്ള പദ്ധതി മാർഗ്ഗരേഖ കൃഷി ഭവൻ തലം വരെ ലഭ്യമാക്കി കഴിഞ്ഞു. സംസ്ഥാനതലത്തിൽ ജില്ലാതല ഉദ്യോഗസ്ഥരുടെ യോഗങ്ങളും ജില്ലാതലത്തിൽ പദ്ധതി നിർവ്വഹണ ചുമതലയുള്ള ഉദ്യോഗസ്ഥരുടെയും പ്രത്യേകം പ്രത്യേകം യോഗങ്ങൾ വിളിച്ചുകൂട്ടി പദ്ധതി നടത്തിപ്പ് ചർച്ച ചെയ്തു കഴിഞ്ഞു. മാസംതോറും പദ്ധതി അവലോകനവും നടന്നുവരുന്നു. കൂടാതെ ജില്ലാതലത്തിൽ നോഡൽ ഓഫീസർമാരും ജില്ലാതല ഉദ്യോഗസ്ഥരും നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുകൂട്ടി പദ്ധതി നടത്തിപ്പ് പുരോഗതിയും അവലോകനം ചെയ്തു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly